# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.04.2025**

### പ്രധാനവാർത്തകൾ

1. **വഖഫ് നിയമഭേദഗതിയിൽ നിലപാട് അറിയിക്കാൻ കേന്ദ്ര സർക്കാരിന് ഏഴ് ദിവസം സമയം നൽകി സുപ്രീം കോടതി; കേസ് അടുത്ത മാസം അഞ്ചിന് വീണ്ടും പരിഗണിക്കും.**

2. **മുതലപ്പൊഴിയിൽ മണൽ നീക്കവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ തെറ്റിദ്ധരിപ്പിച്ചിരിക്കുക യാണെന്ന് മന്ത്രി വി ശിവൻകുട്ടി; പൊഴി മുറിച്ചില്ലെങ്കിൽ അഞ്ചോളം പഞ്ചായത്തുകളിൽ വെള്ളപ്പൊക്കത്തിന് സാധ്യതയുണ്ടെന്നും മന്ത്രി.**

3. **വായനശാലകൾ വായനയെ കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്ന് മന്ത്രി വി എൻ വാസവൻ; കണ്ണൂർ നിയമസഭാ മണ്ഡലത്തെ സമ്പൂർണ വായനശാലാ മണ്ഡലമായി പ്രഖ്യാപിച്ചു.**

4. **യേശുക്രിസ്തുവിൻറെ പീഡാനുഭവത്തിൻറെ ഓർമ്മ പുതുക്കി നാളെ ദുഃഖ വെള്ളി; പെസഹയോടനുബന്ധിച്ച് സംസ്ഥാനത്തെ ക്രൈസ്തവ ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയും കാൽകഴുകൽ ശുശ്രൂഷ നടന്നു.**

5. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്- സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.**

*************************

RNU TVPM

## വഖഫ് ഭേദഗതി ബിൽ

വഖഫ് നിയമഭേദഗതിയിൽ നിലപാട് അറിയിക്കാൻ കേന്ദ്ര സർക്കാരിന് ഏഴ് ദിവസം സമയം നൽകി സുപ്രീം കോടതി. നിയമഭേദഗതിയെ സംബന്ധിച്ച് കോടതി ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകാനാണ് സമയം അനുവദിച്ചത്. അതു വരെ വഖഫ് സ്വത്തുക്കളിൽ നിലവിലെ സ്ഥിതി തുടരണമെന്നും കോടതി. കേസ് അടുത്ത മാസം അഞ്ചിന് വീണ്ടും പരിഗണിക്കും. 2025 ലെ വഖഫ് ഭേദഗതി നിയമപ്രകാരം വഖഫ് ബോർഡുകളിലേക്കോ കേന്ദ്ര വഖഫ് കൗൺസിലിലേക്കോ അടുത്ത വാദം കേൾക്കുന്നതുവരെ പുതിയ നിയമനങ്ങൾ നടത്തില്ലെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ സഞ്ജയ് കുമാർ, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് നിയമഭേദഗതിക്കെതിരെ നൽകിയ ഹർജിയിൽ വാദം കേട്ടത്.

*************************

## സഹകരണ എക്സ്പോ 2025

രാജ്യത്തെ ഏറ്റവും വലിയ സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പ് ഈ മാസം 21 മുതൽ 30 വരെ കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ നടക്കും. ഉത്പന്ന ലോഞ്ച്, ബി2ബി മീറ്റിംഗുകൾ, സെമിനാറുകൾ എന്നിവ എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കും. 250 ലധികം സ്റ്റാളുകളുമുണ്ടാകും.

*************************

## നാലാം വാർഷികം

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കളാഴ്ച കാസർഗോഡ് നിർവഹിക്കും. രാവിലെ നടക്കുന്ന ചടങ്ങിൽ മന്ത്രി കെ.രാജൻ അധ്യക്ഷത വഹിക്കും. മെയ് 30 വരെ വിപുലമായ പരിപാടികളോടെയാണ് വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. വാർഷികാഘോഷങ്ങളുടെ

PNU TVPM

സംസ്ഥാന തല സമാപനം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് നടക്കും

*************************

## മുതലപ്പൊഴി

മുതലപ്പൊഴി മണൽ നീക്കവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ തെറ്റിദ്ധരിപ്പിക്കാൻ ആസൂത്രിത ശ്രമമെന്നു മന്ത്രി വി ശിവൻകുട്ടി. പൊഴി മുറിച്ചില്ലെങ്കിൽ സമുദ്ര നിരപ്പിൽ നിന്നും താഴെയുള്ള നാലഞ്ച് പഞ്ചായത്തുകളിൽ വെള്ളപ്പൊക്കത്തിനും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി പൊഴി മുറിക്കുന്നത് തടയാൻ ശ്രമിക്കുന്നത് ജനവിരുദ്ധമാണെന്നും മന്ത്രി വ്യക്തമാക്കി. പൊഴി മുറിക്കാൻ എത്തിയ ഹാർബർ എഞ്ചിനീയറിങ് വിഭാഗത്തെ മത്സ്യതൊഴിലാളികൾ തടഞ്ഞിരുന്നു. മണൽ പൂർണമായും നീക്കിയ ശേഷം മാത്രം പൊഴി മുറിച്ചാൽ മതിയെന്നാണ് മത്സ്യ തൊഴിലാളികളുടെ ആവശ്യം.

*************************

RNU TVPM

## വി എൻ വാസവൻ

വായനയാവണം ലഹരി എന്നും വായനശാലകൾ വായനയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മാറണമെന്നും മന്ത്രി വി എൻ വാസവൻ. വായനശാലകൾ അറിവിൻറെ സർവകലാശാലകൾ ആണെന്നും മന്ത്രി പറഞ്ഞു. കണ്ണൂർ നിയമസഭാ മണ്ഡലം സമ്പൂർണ വായനശാലാ മണ്ഡലമായി മാറുന്നതിന്റെ പ്രഖ്യാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

*************************

## മന്ത്രി ആർ ബിന്ദു

"വിജ്ഞാന തൃശ്ശൂർ മെഗാ ജോബ് ഫെയർ" 2025 ഈ മാസം 26 ന് സംഘടിപ്പിക്കുമെന്ന് മന്ത്രി ആർ ബിന്ദു . വിദ്യാസമ്പന്നമായൊരു സമൂഹത്തെ അവരുടെ വിദ്യഭ്യാസയോഗ്യതക്കും അഭിരുചിക്കു മനുസരിച്ചുള്ള തൊഴിലുകൾ ലഭ്യമാക്കുന്നതിന് മേള സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. തൃശൂർ ഗവൺമെന്റ്

എഞ്ചിനീയറിംഗ് കോളേജ്, വിമലാ കോളേജ് എന്നിവിടങ്ങളിലാണ് തൊഴിൽ മേള സംഘടിപ്പിക്കുന്നത്.

*************************

## പത്തനംതിട്ട (ഇൻട്രോ)

യേശുക്രിസ്തു തന്റെ ശിഷ്യരോടൊത്ത് അന്ത്യത്താഴം പങ്കിട്ടതിന്റെ ഓർമ്മപുതുക്കി ക്രൈസ്തവ വിശ്വാസികൾ ഇന്ന് പെസഹാ വ്യാഴം ആചരിക്കുന്നു. യേശുക്രിസ്തുവിൻറെ പീഡാനുഭവത്തിൻറെ ഓർമ്മ പുതുക്കി നാളെ ദു:ഖ വെള്ളി ആചരിക്കും. സംസ്ഥാനത്തെ വിവിധ ക്രൈസ്തവ ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയും കാൽകഴുകൽ ശുശ്രൂഷ നടന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി എസ് ശ്രീധർ.....

(വോയ്സ്)

*************************

## കുരിശുമല തീർത്ഥാടനം

68-ാമത് തെക്കൻ കുരിശുമല തീർത്ഥാടനത്തിൻറെ രണ്ടാംഘട്ടം ഇന്നും നാളെയുമായി നടക്കും. എട്ട് ദിവസം നീണ്ട ആദ്യഘട്ട തീർത്ഥാടനം ഈ മാസം ആറിന് സമാപിച്ചിരുന്നു. സംഗമവേദിയിൽ നടന്ന ദിവ്യബലിക്ക് ശേഷം രണ്ടാം ഘട്ടത്തിന് ഇന്ന് തുടക്കമായി.

RNU TVPM

*************************

## ഉപഭോക്തൃ സംരക്ഷണ അതോറിറ്റി

2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമവും, മത്സര പരീക്ഷപരിശീലന മേഖലയിലെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കണമെന്ന് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി, ബന്ധപ്പെട്ട പരിശീലന സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. മത്സര പരീക്ഷ പരിശീലന സ്ഥാപനങ്ങളുടെ പരസ്യങ്ങൾ കൃത്യവും വ്യക്തവുമായിരിക്കണമെന്നും അതോറിറ്റി വ്യക്തമാക്കി.

മത്സരപരീക്ഷ പരിശീലന മേഖലയിലെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, 2024 നവംബർ 13 നാണ് പുറപ്പെടുവിച്ചത്.

*************************

## നവീൻ ബാബു- സുപ്രീം കോടതി തള്ളി

എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് കുടുംബം സമർപ്പിച്ച ഹർജി സുപ്രീം കോടതി തള്ളിയതായി റിപ്പോർട്ട്. ജസ്റ്റിസുമാരായ സുധാൻഷു ധൂലിയ, കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങുന്ന ബെഞ്ചാണ് ഹർജി പരിഗണിച്ചത്. നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷയാണ് നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസുകളിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ഹർജി സമർപ്പിച്ചത്.

*************************

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിലെ മലയോര മേഖലകളിൽ കാട്ടാന പ്രതിരോധ നടപടികൾ ഊർജിതമാകാൻ ഒരുങ്ങി വനം വകുപ്പ്. കാട്ടാനകൾ നാട്ടിലിറങ്ങിയാൽ പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകാൻ വാട്സാപ്പ് കൂട്ടായ്മകൾ രൂപീകരിച്ചു. അതേസമയം, മുണ്ടൂർ മേഖലയിൽ ഇറങ്ങിയ കാട്ടാനകളെ ഉൾക്കാട്ടിലേക്ക് തുരത്തിയതായും വനം ഉദ്യോഗസ്ഥർ അറിയിച്ചു.
വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......
(വോയ്സ്)

*************************

## സ്റ്റുഡൻസ് മാർക്കറ്റ്

സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർഫെഡ് മുഖേന സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സ്റ്റുഡൻസ് മാർക്കറ്റിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി.എൻ.വാസവൻ നിർവഹിച്ചു. 500 സ്റ്റുഡൻസ് മാർക്കറ്റുകളാണ് ആരംഭിക്കുന്നത്.

RNU TVPM

വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ പഠനോപകരണങ്ങളും വളരെ കുറഞ്ഞ വിലയ്ക്ക് സ്റ്റുഡൻസ് മാർക്കറ്റിലൂടെ ലഭ്യമാകും.

************************

## എം ബി രാജേഷ്

സിനിമാ സെറ്റിലെ ലഹരി ഉപയോഗം സംബന്ധിച്ച് നടിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുമെന്ന് എക്സൈസ് മന്ത്രി എം.ബി രാജേഷ്. ഈ വിഷയത്തെ വളരെ ഗൗരവത്തോടെയാണ് എക്സൈസ് വകുപ്പ് കാണുന്നതെന്നും മന്ത്രി പറഞ്ഞു.

************************

## നടി - പരാതി

നടി വിൻസി അലോഷ്യസ് നൽകിയ പരാതി ചർച്ച ചെയ്യാൻ മോണിറ്ററിംഗ് സമിതി ചേരുമെന്ന് ഫിലിം ചേംബർ ഭാരവാഹികൾ അറിയിച്ചു. പരാതി ഇന്ന് രാവിലെ ലഭിച്ചതായി അമ്മ നിർവാഹക സമിതി അംഗം വിനു മോഹൻ അറിയിച്ചു. മൂന്നംഗ സമിതി രൂപീകരിച്ച് അന്വേഷിക്കുമെന്നും തുടർ നടപടികൾ പിന്നീട് തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും. രാത്രി 7.30 ന് മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,508 പോയിൻറ് ഉയർന്ന് 78,553 ലും, ദേശീയ സൂചിക നിഫ്റ്റി 414 പോയിൻറ് നേട്ടത്തോടെ 23,851 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണം ഗ്രാമിന് 105 രൂപ വർദ്ധിച്ച് 8,920 രൂപയും, പവന് 71,360 രൂപയുമാണ് ഇന്നത്തെ വില.

************************

## മഴ

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

************************

## രാഹുൽ മാങ്കൂട്ടത്തിൽ

പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിലിനെതിരായ ഭീഷണി പ്രസംഗ പരാതിയിൽ ബിജെപി നേതാക്കൾക്കെതിരെ പൊലീസ് കേസെടുത്തു. പാർട്ടി ഓഫീസ് കേന്ദ്രീകരിച്ച് മാർച്ചും, പ്രകോപനപരമായ പ്രസംഗങ്ങളും ഒഴിവാക്കണമെന്ന് സംഭവങ്ങളെ തുടർന്ന് വിളിച്ചു ചേർത്ത സർവകക്ഷി യോഗത്തിൽ പൊലീസ് ആവശ്യപ്പെട്ടു.

************************

## കാലാവധി ദീർഘിപ്പിച്ചു

ആധാരങ്ങളിൽ വിലകുറച്ച് രജിസ്റ്റർ ചെയ്യുതായി റിപ്പോർട്ട് ചെയ്യ അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായി. 1986 മുതൽ 2017 മാർച്ച് വരെയും 2017 ഏപ്രിൽ ഒന്നു മുതൽ 2023 മാർച്ച് 31 വരെയുമുള്ള ആധാരങ്ങളാണ് പരിഗണിക്കുന്നത്.

************************

## യു ജി സി - നെറ്റ്

ഈ വർഷം ജൂണിൽ നടക്കുന്ന യു ജി സി നെറ്റ് പരീക്ഷയ്ക്ക് നാഷണൽ ടെസ്റ്റിംഗ് ഏജൻസി അപേക്ഷ ക്ഷണിച്ചു. ugcnet.nta.ac.in എന്ന വെബ്സൈറ്റിൽ അടുത്ത മാസം ഏഴ് വരെ അപേക്ഷ സമർപ്പിക്കാം. ഓൺലൈൻ അപേക്ഷകൾ മാത്രമെ സ്വീകരിക്കു.

************************

**************************************************************************

RNU TVPM